**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

നം. 39496/ഡി.എ.1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 21.06.2010

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് – മരാമത്ത് പ്രവൃത്തികൾ 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്നതിനുള്ള അനുമതി 15.08.2010 വരെ ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന:- 1. സർക്കുലർ നം. 34202/ഡി.എ.1/2010/തസ്വഭവ; തീയതി 26.05.2010
2. സ.ഉ.(സാധാ)നം. 972/2010/പൊ.മ.വ; തീയതി 16.06.2010

പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ 14.05.2010 മുതൽ പരിഷ്ക്കരിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചതിന് അനുസൃതമായി പ്രസ്തുത നിരക്കുകൾ (2010-ലെ നിരക്കുകൾ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾക്ക് ബാധകമാക്കിക്കൊണ്ടും പ്രവൃത്തികളുടെ നിർവഹണം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ, 2010 ജൂൺ 15 വരെ 2009-ലെ നിരക്കുകൾ പ്രകാരം തന്നെ എസ്റ്റിമേറ്റുകളും പ്രോജക്ടുകളും തയ്യാറാക്കി 2010-11 വാർഷിക പദ്ധതിയുടെ ഭാഗമാക്കാമെന്ന് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. 2010 ജൂൺ 15-നുശേഷം 2010-11 വാർഷിക പദ്ധതി ടി.എ.ജി.ക്ക് സമർപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2010-ലെ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകളും പ്രോജക്ടുകളും മാത്രമേ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂവെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ 2010 ആഗസ്റ്റ് 15 വരെ 2009-ലെ നിരക്കുകൾ പ്രകാരം തന്നെ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിനും പ്രവൃത്തികൾ നടപ്പാക്കുന്നതിനും അനുവദിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് സൂചന രണ്ട് പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ബാധകമാകും വിധം സർക്കാർ ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ, 2010 ആഗസ്റ്റ് 15 വരെ 2009-ലെ ഷെഡ്യൂൾ നിരക്കുകൾ ഉപയോഗിച്ച് തന്നെ എസ്റ്റിമേറ്റുകൾ തയ്യാറാക്കാവുന്നതും പ്രവൃത്തികൾ നടപ്പാക്കാവുന്നതുമാണ്. ഇപ്രകാരം 2009-ലെ നിരക്കുകൾ പ്രകാരം സാങ്കേതികാനുമതി നേടി നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് സൂചന-1-ലെ സർക്കുലറിന്റെ ഖണ്ഡിക 3(1) പ്രകാരമുള്ള അധിക തുക അനുവദിക്കാം. ഈ രീതിയിൽ 2009-ലെ നിരക്കുകൾ പ്രകാരം പ്രവൃത്തികൾ നടപ്പാക്കാമെങ്കിലും 2010-ലെ നിരക്കുകൾ പ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസമില്ലെന്നും വ്യക്തമാക്കുന്നു.

3. 2010 ആഗസ്റ്റ് 15 നുശേഷം 2010-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ ഉപയോഗിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പാക്കാൻ പാടുള്ളു. അതായത് 2010 ആഗസ്റ്റ് 15-നുശേഷം 2009-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റുകൾക്ക് ടി.എ.ജി.കൾ സാങ്കേതികാനുമതി നൽകാനോ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവൃത്തികൾ ടെണ്ടർ ചെയ്യാനോ ഗുണഭോക്തൃ സമിതികളെ/അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാനോ പാടില്ല.

4. സൂചന 1 പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങൾക്ക് മാറ്റമില്ല.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്